IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നമ്പ്യാർ കൃതികളിലെ കേരളീയത ഘോഷയാത്ര തുള്ളലിനെ ആസ്പദമാക്കി വിലയിരുത്തുക.

33. ഗ്രീക്കു ദുരന്തനാടകസങ്കല്പം പൂർണ്ണമായും യോജിക്കുന്ന കൃതിയാണ് 'ആ മനുഷ്യൻ നീ തന്നെ' - ഈ അഭിപ്രായം പരിശോധിക്കുക.

34. ഉണ്ണായിവാര്യരുടെ കഥാപാത്രസൃഷ്ടിവൈഭവം നളചരിതം 2-ാം ദിവസത്തെ ആസ്പദമാക്കി വിലയിരുത്തുക.

35. ദുഷ്യന്തൻ എന്ന കഥാപാത്രത്തെ മുൻനിർത്തി കാളിദാസന്റെ ജീവിതദർശനം വെളിപ്പെടുത്തുക.

(2 × 15 = 30 Marks)

---



St. Xavier's College

(Pages : 4) **R – 3257**

Reg. No. : ..............................

Name : ..................................

**Second Semester B.A./B.Sc./B.Com. Degree Examination, September 2023**

**Career Related First Degree Programme under CBCSS**

**Language Course II – Additional Language – Malayalam**

**ML 1211.3 : ദൃശ്യകലാസാഹിത്യം**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക്കു വീതം.

1. കാളിദാസശാകുന്തളത്തിന് ഏ.ആർ. രാജരാജവർമ്മ എഴുതിയ വിവർത്തനത്തിന്റെ പേരെന്ത് ?

2. തുള്ളലിന്റെ അവാന്തരവിഭാഗങ്ങൾ ഏതെല്ലാം ?

3. ഉണ്ണായിവാര്യരും കുഞ്ചൻ നമ്പ്യാരും ഏതു വഞ്ചിരാജാവിന്റെ സദസ്യരായിരുന്നു ?

4. ITFOK - പൂർണ്ണരൂപമെഴുതുക.

5. 'ഓപ്പോൾ' എന്ന സിനിമയിലെ അഭിനയത്തിന് ഭരത് അവാർഡ് ലഭിച്ച നടൻ ആര്?

6. "കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കൂടിയാണ് " ഏതു നാടകത്തിലെ വാക്യമാണിത്?

7. എം.ടി. രചിച്ച ആദ്യ നോവൽ ഏത്?

8. പോർച്ചുഗീസ് സ്വാധീനത്തിൽ കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിൽ വന്ന നാടകരൂപം ഏത്?

9. "പാതിയും പുമാനു പത്നിയെന്നു വേദശാസ്ത്രാദിബോധമുള്ളവർകൾ ചൊല്ലീടുന്നു" - ആരുടെ വാക്കുകൾ?

10. കേരളസർക്കാരിന്റെ സാംസ്കാരികവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചലച്ചിത്രത്തിനുവേണ്ടി യുള്ള സ്വയംഭരണസ്ഥാപനമേത്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. "കരുണാകടാക്ഷമെന്നിൽ പുരവൈരി സംഹരിച്ചോ
സുരനായകവരത്തിൻ പരിണാമമീദൃശമോ?"
- ആരുടെ വിലാപം? സൂചിതമായ വരമെന്ത്?

12. "ഹൃദയമേ, നിന്റെ ആശങ്ക ശരിയായി" - ആരുടെ വാക്കുകൾ? ആശങ്ക എന്ത്?

13. "ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരേ"
- ആരുടെ വാക്കുകൾ? സന്ദർഭമേത്?

14. "കല്ലായ അഹല്യയ്ക്കുംകൂടി ജീവൻകൊടുത്തു ഭഗവാൻ

അതിനൊക്കെ ഒരു യോഗംണ്ട്" - സന്ദർഭമെഴുതുക.

15. "മരണം കൂടാതെ രാജത്വവുമുണ്ടാകയില്ല." - ആരുടെ വാക്കുകൾ? ഇവിടെത്തെളിയുന്ന കഥാപാത്രത്തിന്റെ സ്വഭാവമെന്ത്?

16. "ദാരുതന്റെ പരിണാമമോ
കില നാരി തന്റെ മനമാമേ
എന്നു ചൊല്ലുന്നൂ ചിലർ
കല്ലെന്നും ചിലർ"
- ഇങ്ങനെ വിലപിക്കാൻ കാരണമെന്ത്?



St. Xavier's College

17. തിരക്കഥയുടെ പ്രത്യേകതകൾ എന്തെല്ലാം?

18. കൂടിയാട്ടം - കുറിപ്പെഴുതുക.

19. "കുരയ്ക്കും പട്ടി കടിക്കില്ലെന്നു പ്രസിദ്ധം" - പഴഞ്ചൊല്ലിന്റെ ഉപയോഗവും പ്രസക്തിയും വ്യക്തമാക്കുക.

20. ജാനു ദൈവത്തെ കണ്ട കഥ വിവരിക്കുക.

21. കാക്കാരിശ്ശി നാടകം - കുറിപ്പെഴുതുക.

22. "ചന്ദ്രൻ ഒന്നുമതി. നക്ഷത്രങ്ങൾ നിരവധി" - സന്ദർഭമെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. രാജധർമ്മത്തെക്കുറിച്ച് കാളിദാസന്റെ കാഴ്ചപ്പാടുകൾ ചുരുക്കിയെഴുതുക.

24. മലയാളത്തിലെ തനതുനാടകത്തിന്റെ ചരിത്രമെഴുതുക.

25. 'അധികാരത്തിനു മുന്നിലെ ബലിയാടാണ് ഊറിയാവും ബത്ത്ശേബയും' - ഈ അഭിപ്രായം പരിശോധിക്കുക.

26. "ഈശനെത്രയും കർക്കശൻ പിന്നെയെന്തു ചൊല്ലുക" - സന്ദർഭം വിശദമാക്കുക.

27. ഗോവിന്ദൻ കുട്ടി എന്ന നായക കഥാപാത്രത്തിന്റെ സ്വഭാവചിത്രീകരണം എഴുതുക.

28. നമ്പ്യാരുടെ കൃതികളിൽ ഫലിതപരിഹാസങ്ങൾക്കും നാടൻ ഭാഷാപ്രയോഗങ്ങൾക്കുമുള്ള സ്ഥാനം പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

29. നളചരിതത്തിലെ കാട്ടാളപ്രവേശത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

30. "പാപത്തിന്റെ ഫലം മരണമേറ്റെടുത്തു. സംഭവിക്കേണ്ടത് സംഭവിച്ചു" - സന്ദർഭം വിശദമാക്കുക.

31. ദാസീവൃത്തി സ്വീകരിക്കേണ്ടിവരുമ്പോഴും ദമയന്തി കുലധർമ്മം വെടിയുന്നില്ല. നളചരിതം 2-ാം ദിവസം കഥയിൽ നിന്നും ഉദാഹരണസഹിതം സമർത്ഥിക്കുക.

**(6 × 4 = 24 Marks)**